ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ്
ചീഫ് എഞ്ചിനീയറുടെ നടപടിക്രമം.
(ഹാജർ : ശ്രീ. ജോമോൻ.കെ. ജോർജ്ജ്, ബി.ടെക് )

**ഉത്തരവ് നമ്പർ. ബി2/161/2021/സിഇ തീയതി : 02/09/2022**

വിഷയം :- ജീവനക്കാര്യം-ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ്- അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികയിൽ ബൈട്രാൻസ്ഫർ നിയമനം നൽകി ഉത്തരവ് പുറപ്പെടിവയ്ക്കുന്നു.

പരാമർശം:-
1. സർക്കാർ ഉത്തരവ് (സാധാ)നം. 351/2022/മതുവ തീയതി.9/6/22
2. എച്ച്.ഇ.സി.ഇ/14/22/ബി4 നമ്പരായുള്ള 30/3/22-ലെ ഗസറ്റ് വിജ്ഞാപനം.

ഹാർബർ എഞ്ചിനീയറിംഗ് ചേറ്റുവ സബ് ഡിവിഷനിലെ അസിസ്റ്റന്റ് എഞ്ചിനീയർ(സിവിൽ ഡിപ്ലോമ) ശ്രീ. എം.കെ. സജീവൻ ഹാർബർ എഞ്ചിനീയറിംഗ് പുതിയാപ്പ സബ് ഡിവിഷനിലെ അസിസ്റ്റന്റ് എഞ്ചിനീയർ (സിവിൽ ഡിപ്ലോമ) ശ്രീ. ഷാജു.എം എന്നിവർക്ക് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറായി സ്ഥാനക്കയറ്റം ലഭിച്ചത് വഴി അസിസ്റ്റന്റ് എഞ്ചിനീയർ(സിവിൽ) (ഡിപ്ലോമ) തസ്തികയിൽ 2 ഒഴിവ് ഉണ്ടായിട്ടുണ്ട്. ഒന്നാം ഗ്രേഡ് ഡ്രാഫ്റ്റ്സ്മാൻ (സിവിൽ)(ഡിപ്ലോമ)മാരിൽ നിന്നും സ്ഥാനക്കയറ്റം വഴിയാണ് ടി ഒഴിവുകൾ നികത്തേണ്ടത്. രണ്ടാം പരാമർശത്തിലെ സെലക്ട് ലിസ്റ്റ് പ്രകാരം ഒന്നാം ഗ്രേഡ് ഡ്രാഫ്റ്റ്സ്മാൻമാരായ ആലപ്പുഴ ഡിവിഷനിലെ ശ്രീ. രാജേഷ്. ബി.ജി, മദ്ധ്യമേഖലാ സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ കാര്യാലയത്തിലെ ശ്രീമതി. സിന്ധു.വി.ജി എന്നിവർക്കാണ് സ്ഥാനക്കയറ്റത്തിന് അർഹത ഈ സാഹചര്യത്തിൽ ചുവടെ ചേർക്കുന്ന സ്ഥാനക്കയറ്റ ഉത്തരവ് പുറപ്പെടുവിയ്ക്കുന്നു.

ഹാർബർ എഞ്ചിനീയറിംഗ് ആലപ്പുഴ ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയത്തിലെ ഒന്നാം ഗ്രേഡ് ഡ്രാഫ്റ്റ്സ്മാനും രണ്ടാം പരാമർശ പ്രകാരമുള്ള സെലക്ട് ലിസ്റ്റിലെ ഒന്നാം സ്ഥാനക്കാരനുമായ ശ്രീ. രാജേഷ്. ബി.ജി-യെ 55200-115300/- രൂപ ശമ്പള സ്കെയിലിൽ അസിസ്റ്റന്റ് എഞ്ചിനീയർ ആയി സ്ഥാനക്കയറ്റം നൽകി (ബൈട്രാൻസ്ഫർ നിയമനം) വെള്ളയിൽ ഇൻവെസ്റ്റിഗേഷൻ സബ് ഡിവിഷനിൽ അസിസ്റ്റന്റ് എഞ്ചിനീയർ ശ്രീ. ഡാരിയസ് പോളിനെ സ്ഥലം മാറ്റുന്നതുവഴി ഉണ്ടാകുന്ന ഒഴിവിൽ നിയമിക്കുന്നു.

ഹാർബർ എഞ്ചിനീയറിംഗ് മധ്യമേഖല സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ കാര്യാലയത്തിലെ ഒന്നാം ഗ്രേഡ് ഡ്രാഫ്റ്റ്സ്മാനും രണ്ടാം പരാമർശ പ്രകാരമുള്ള സെലക്ട് ലിസ്റ്റിലെ രണ്ടാം

സ്ഥാനക്കാരിയുമായ ശ്രീമതി. സിന്ധു.വി.ജി-യെ 55200-115300/- രൂപ ശമ്പള സ്കെയിലിൽ അസിസ്റ്റന്റ് എഞ്ചിനീയർ ആയി സ്ഥാനക്കയറ്റം നൽകി (ബൈട്രാൻസ്ഫർ നിയമനം) ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ ശ്രീമതി.ഐശ്വര്യമേരി. കെ.എസ് ,-നെ സ്ഥലം മാറ്റുന്നതുവഴി ഉണ്ടാകുന്ന ഒഴിവിൽ നിയമിക്കുന്നു.

ഒപ്പ്

**ചീഫ് എൻജിനീയർ**

സ്വീകർത്താവ്,

ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക്
(മേലധികാരി മുഖേന)

പകർപ്പ്:-
1. അക്കൗണ്ടന്റ് ജനറൽ , തിരുവനന്തപുരം
(ആമുഖ കത്ത് സഹിതം)
2. സൂപ്രണ്ടിംഗ് എൻജിനീയർ, മദ്ധ്യമേഖല, ഉത്തരമേഖല
3. എക്സിക്യൂട്ടീവ് എഞ്ചിനീയർ, കോഴിക്കോട് ഡിവിഷൻ/ആലപ്പുഴ
എക്സിക്യൂട്ടീവ് എഞ്ചിനീയർ (ഡിസൈൻ)
4. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, വെള്ളയിൽ ഇൻവെസ്റ്റിഗേഷൻ സബ് ഡിവിഷൻ
5. ചീഫ് എഞ്ചിനീയറുടെ സി.എ
6. ഐ.റ്റി. സെൽ
7. ഈ കാര്യാലയത്തിലെ ബി3,എ6 സെക്ഷനുകൾക്ക്

ഉത്തരവിൻ പ്രകാരം,

അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്